Gups kalikavu bazar
ESTD : 1915

# ഗവ യു.പി സ്കൂൾ കാളികാവ് ബസാർ

04931 259 300, gupskkv@gmail.com gupskkv.blogspot.com, gupskalikavubazar

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26



Gups kalikavu bazar
ESTD : 1915

# ഗവ.യു.പി സ്കൂൾ കാളികാവ് ബസാർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26

2025 - 26 അധ്യയന വർഷത്തെ വരവേൽക്കുമ്പോൾ ഗവ.യു.പി സ്കൂൾ കാളികാവ് ബസാറിന്റെ അക്കാദമികരംഗം ഈ വർഷത്തേക്കുള്ള പൂർണ്ണമായ തയ്യാറെടുപ്പിന്റെ ആസൂത്രണം പൂർത്തീകരിച്ചതാണ് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ. കേവലം പത്തുമാസത്തേക്കുള്ള പ്രവർത്തനങ്ങൾ മാത്രമല്ല വരും വർഷത്തേക്കുള്ള ഒരു വഴികാട്ടികൂടിയാണിത്. മികച്ച വിദ്യാഭ്യാ സനിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള നമ്മുടെ വിദ്യാലയത്തിന്റെ പ്രതിബദ്ധതയുടെ തെളിവും കുടിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇതൊരു അവസാനവാക്കല്ല ഓരോ ഘട്ടത്തിലുമുള്ള ചർച്ചകളും അതിനനുസൃതമായ കൂട്ടിചേർക്കലകളും ഇതിന്റെ ഭാഗമായി വരും. ഏവരുടെയും പിന്തുണയും സഹകരണവും ഈ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരത്തിന് അഭ്യർഥിക്കുന്നു.

### എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ?

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ലക്ഷ്യങ്ങളും തന്ത്രങ്ങളും പ്രവർത്തന ങ്ങളും രൂപരേഖപ്പെടുത്തുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇത് ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖയായി പ്രവർത്തി ക്കുകയും എല്ലാവരും ഒത്തുചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നമ്മുടെ 2025 -26 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ പാഠ്യ - പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപ കരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുന്ന തിനുമായാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

## മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലെ ഘട്ടങ്ങൾ

പദ്ധതിയുടെ പ്രസക്തിയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് നമ്മുടെ മുഴുവൻ അധ്യാപക രുടേയും ഉൾപ്പെടുത്തിയുള്ള എസ്.ആർ.ജി യോഗ ത്തിൽ വിശദമായ ചർച്ചകൾ നടത്തു കയും വിവധ ക്ലബ്ബുകളുടെ ചുമതലകൾ വഹിക്കുന്നവരോട് നിർദേശങ്ങളും പ്രവർത്തന പദ്ധതികളും എഴുതി വാങ്ങി. തുടർന്ന് ഉചിതമായ പരിപാടികൾ ആസൂത്രണം ചെയ്യും. പഠന നേട്ടങ്ങൾക്ക് പുറമെ വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയടക്കം അവരുടെ സമഗ്ര വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന പരിപാടികളാണ് ഓരോ ക്ലബ്ബുകളും സബ്ജക്ട് കൗൺസിലുകളും ആസൂത്രണം ചെയ്തിട്ടുള്ളത്. ആസൂത്രണം ചെയ്ത ഓരോ പരിപാടികൾക്കും നേതൃത്വം നൽകാനുള്ള അധ്യാപകർ / ക്ലബ്ബുകൾ ആരെന്ന് പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്

വിശദമായ മാസ്റ്റർപ്ലാനിന് പുറമെ, ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക് കലണ്ടർ മാതൃകയിലാണ് ഇത് തയ്യാറാക്കി യിട്ടുള്ളത്. അക്കാദമിക് മാസ്റ്റർപ്ലാൻ വെറും ഒരു രേഖ മാത്രമല്ല, വിദ്യാർത്ഥികളുടെയും സ്ഥാപനത്തിന്റെയും ഭാവി കാഴ്ചപ്പാടാണ്. മികച്ച അക്കാദമിക നേതൃത്വം നൽകുന്ന പ്രധാനാധ്യാപകൻ ബാബുഫ്രാൻസിസ്, ടീം സ്പിരിറ്റോടെ പ്രവർത്തിക്കുന്ന അധ്യാപകർ പരിപൂർണ പിന്തുണ നൽകുന്ന മഹ്സൂം പുലത്ത്, താഹിർ നഖാഷ്, നസീമ എന്നിവരുടെ നേതൃത്വത്തിലുള്ള പി.ടി.എ. എസ്.എം.സി എം.ടി.എ കമ്മിറ്റിയുമാണ് ഈ വിദ്യാലയത്തിന്റെ കരുത്ത്. ഈ വർഷം ആസൂത്രണം ചെയ്ത എല്ലാ പ്രവർത്തനങ്ങളും കാളികാവ് ബസാർ കൂട്ടായ്മയുടെ കരുത്തിൽ മികവാർന്ന രീതിയിൽ നടപ്പാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏവരുടേയും പിന്തുണ അഭ്യർഥിക്കുന്നു.

**ബാബുഫ്രാൻസിസ് കെ**

ഹെഡ്മാസ്റ്റർ

**രജീഷ് നടുവത്ത്**

കൺവീനർ

അക്കാദമിക് മാസ്റ്റർ പ്ലാൻ




## സ്കൂളിനെക്കുറിച്ച്...

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കാളികാവ് ടൗണിനോട് ചേർന്ന് പ്രശാന്തസുന്ദരമായ അന്തരീക്ഷ ത്തിൽ ഒരു നൂറ്റാണ്ടിന്റെ പാരമ്പ ര്യവുമായി നിലകൊള്ളുന്ന വിദ്യാ ലയമാണ് ഗവ.യു.പി സ്കൂൾ കാളികാവ് ബസാർ. 2004-ൽ 319 വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന ഇവിടെ പിന്നോക്കാവസ്ഥയുടെ പ്രയാസങ്ങളിൽ നിന്നും കരകയറി മികവിൻെറ പാതയിലേക്ക് കുതിച്ചു. 2025–26 അധ്യയനവർഷം 1453 വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

### ഭൗതിക സൗകര്യങ്ങൾ

**മെ**യിൻ റോഡിന്റെ ബഹളങ്ങളിൽ നിന്ന് വിട്ടൊഴിഞ്ഞ് ചുറ്റുമതി ലോടുകൂടിയ വിശാലമായ ഒരു ക്യാമ്പസ് സ്കൂളിനുണ്ട്. പശ്ചാത്തല ഭംഗി ഒരുക്കികൊണ്ട് പൂർവ്വ വിദ്യാർത്ഥികൾ നട്ട് പിടിപ്പിച്ച അനേകം തണൽ മരങ്ങൾ ഈ കാംപസിന് തണലേകുന്നു.



ഭൗതിക അടിസ്ഥാന മേഖല യിലെ വിദ്യാലയ മികവുകൾ ഏറെ മികവുറ്റതാണ്. സംസ്ഥാ ന സർക്കാരിന്റെയും എസ്. എസ്.കെ യുടെയും, എം. എൽ.എ, എം.പി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായവും സഹകരണവും നേടിയെടു ത്തു കൊണ്ടാണ് വിദ്യാലയ വികസന പദ്ധതികൾ നടപ്പാക്കുന്നത്. വിദ്യാലയ പി.ടി.എ യുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്ത ത്തോടെയുള്ള വിക സന പ്രവർത്തനങ്ങളും നടപ്പാക്കുന്നു. ശിശുസൗഹൃദ വിദ്യാലയന്തരീക്ഷം,

മികച്ച ക്ലാസ് മുറികൾ, മഴുവൻ ക്ലാസിലും ലൈറ്റും ഫാനും, ഹൈടെക്ക് ക്ലാസ് മുറികൾ, സയൻസ് ലാബ്, മികച്ച കമ്പ്യൂട്ടർ ലാബ്, പൊടിരഹിത ക്ലാസ് മുറികൾ, സ്ക്കൂൾ ബസ് സൗകര്യം, മുറ്റം ലാൻറ്സ്കേപ്പ് ചെയ്ത് മനോഹരമാക്കിയിരിക്കുന്നു. എസ്.എസ്.കെ അനുവദിച്ച പ്രീ പ്രൈമറി വർണക്കൂടാരം, പൊതുജന പങ്കാളിത്തത്തോടെ സ്ഥാപിച്ച കുട്ടികളുടെ പാർക്ക്, കഥ പറയും ചുമരുകൾ, ത്രിമാന ചിത്രങ്ങൾ, 7000 ൽ പരം ലൈബ്രറി പുസ്തകങ്ങൾ, മികച്ച ലൈബ്രറി സൗകര്യങ്ങൾ എന്നിവ ഇതിൽ ചിലതാണ്. ലൈബ്രേറിയൻ, കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ എന്നിവരെ പി.ടി.എ യുടെ നേതൃത്വത്തിൽ നിയമിച്ചിരിക്കുന്നു.

കമ്പ്യൂട്ടർ ലാബ് .



എം.എൽ.എ, എസ്.എസ്.എ, പഞ്ചായത്ത് ഫണ്ടുകളിൽ നിന്ന് ലഭിച്ചതും സംസ്ഥാന സർക്കാരിന്റെ ഹൈടെക് വിദ്യാലയം പദ്ധതിയുടെ ഭാഗമായി കൈറ്റ് ലഭ്യമാക്കിയതുമായ 35 ൽ പരം ലാപ്ടോപുകളുമുള്ള ശീതീകരിച്ച ഐടി ലാബ് സ്വന്തമായിട്ടുണ്ട്. ഒന്നാം ക്ലാസ്സ്മുതൽ തന്നെ ഐടി അധിഷ്ഠിത വിദ്യാഭ്യാസം സുസാധ്യാമാക്കുന്നു. ഏകദേശം അമ്പതിനായിരം രൂപയോളം വിലവരുന്ന മൾട്ടിമീഡിയ ലൈബ്രറി സ്വന്തമായുള്ളത് ഐടി പഠനത്തെ കൂടുതൽ സഹായിക്കുന്നു. വ്യാപാരിയും വിദ്യാലയത്തിലെ പൂർവ്വ വിദ്യാർഥിയുമായ മുസ്തഫ ഹാജി ഒന്നരലക്ഷം രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ ലാബ് നവീകരിച്ചു. ആകർഷകമായ ഫർണീച്ചറുകൾ സൗണ്ട് സിസ്റ്റം എന്നിവ ഇതിന്റെ ഭാഗമായി ലഭ്യമാക്കി.

ലൈബ്രറി



ഏകദേശം ഏഴായിരത്തോളം പുസ്തകങ്ങളുള്ള ഒരു ലൈബ്രറി സ്കൂളിനുണ്ട്. കഥ, കവിത, ലേഖനം, യാത്രവിവരണം, ബാലസാഹിത്യം, റഫറൻസ്, ആത്മകഥ തുടങ്ങി വിവിധ വിഭാഗങ്ങളിലായി ഇവ സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാലയത്തിലെ മുൻ അധ്യാപകൻ ഗിരീഷ് മാസ്റ്റർ അദ്ദേഹത്തിന്റെ പിതാവിന്റെ ഓർമക്കായി അഞ്ചര ലക്ഷം രുപ ചെലവിൽ നിർമിച്ചു നൽകിയ ഗ്രന്ഥാലയം കുട്ടികൾക്ക് വായനയുടെ

വസന്തം തീർക്കാൻ സഹായിക്കുന്നു. വിശാലമായ കെട്ടിടത്തിനു പുറമേ അനുബന്ധ ഫർണിച്ചറുകളും അദ്ദേഹം ലഭ്യമാക്കി. ജില്ലയിലെ വിദ്യാലയങ്ങളിലെ ഏറ്റവും മികച്ച ഗ്രന്ഥാലയമാകുമിത്. പി.ടി.എ യുടെ നേതൃത്വത്തിൽ സ്ഥിരം ലൈബ്രേറിയന്റെ സേവനവും വിദ്യാലയ ത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. 2018-19 ൽ പഞ്ചായത്ത് അനുവദിച്ച 50,000 രൂപയുടെ പുസ്തകവും, SSK 2019-20 ൽ അനുവദിച്ച 45000 രൂപയുടേയും, 2020-21 ൽ അനുവദിച്ച 16000 രൂപയുടെ പുസ്തകങ്ങളും 22 – 23 വർഷത്തിൽ 8000 രൂപയു ടെയും പുസ്തകം പുതിയതായി ലൈബ്രറിയിൽ ലഭ്യമായിട്ടുണ്ട്.

### സ്കൂൾ ബസ്സ്

വിദ്യാർത്ഥികളുടെ വർദ്ധിച്ചു വരുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന്നായി സ്കൂളിന്റെ എല്ലാ പരിസര പ്രദേശങ്ങളിലേക്കും സ്കൂൾ ബസ് സർവ്വീസ് നടത്തുന്നു. വണ്ടൂർ നിയോജക മണ്ഡലം എം. എൽ. എ ശ്രീ എ.പി അനിൽകു മാറിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 17 ലക്ഷം രൂപ പ്രയോജനപ്പെടുത്തി ലഭിച്ച ബസ്സ് കുറഞ്ഞ നിരക്കിൽ സുരക്ഷിതവും സൗകര്യ പ്രദവുമായ യാത്ര ഒരുക്കാൻ ഇതു വഴി സാധിക്കുന്നു. നിലവിൽ മൂന്ന്ബസ്സുകളാണുള്ളത്. ഏകദേശം അറുനൂറോളം കുട്ടികൾ വാഹന സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്.

### പ്രീ പ്രൈമറി



2006 - 07 അധ്യായന വർഷത്തിൽ 24 കുട്ടിക ളുമായി ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗം ഇന്ന് 2026 ൽ 276 - കുട്ടികളുമായി ജില്ലയിലെ മികച്ച പ്രീ-പ്രൈമറി സ്കൂളുകളിൽ ഒന്നായി മാറിയിരിക്കുന്നു. 7 അധ്യാപകരും 2 ആയയും ആണ് സ്കൂളിൽ ഉള്ളത്. നാല് അധ്യാപകർക്കും ഒരു ആയക്കും സർക്കാർ ഓണറേറിയം ലഭിക്കുന്നു. സമഗ്രശിക്ഷ കേരളം അനുവദിച്ച വർണക്കൂടാരം കൂടി വന്നതോടെ മികച്ച സൗകര്യങ്ങൾ നമുക്ക് ഒരുക്കാനായി. മിനി ടർഫ്, അകം വാതിൽ കളിയിടം, തീമാറ്റിക് ക്ലാസ്സുകൾ, കുളം, ഗുഹ എന്നിവ വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടികളേയും ആകർഷിക്കുന്നു.

## വിശാലമായ കളിസ്ഥലം




കുട്ടികൾക്ക് കളിക്കുന്നതിനും കായിക പരിശീലനം നേടുന്ന തിനും വിശാലമായ ഒരു മൈതാനവും അഖിലേന്ത്യ ടൂർണമെന്റു കൾപോലും നടക്കുന്ന അതിവി ശാലമായ മറ്റൊരു മൈതാനവും സ്കൂളിനുണ്ട്. വിശാലമായ സ്കൂൾ മുറ്റത്ത് ഷട്ടിൽ കോർട്ട് അടക്കമുള്ള സൗകര്യങ്ങളുണ്ട്. സ്കൂൾ തല കായിക മേള, ഫുട്ബോൾ ടൂർണമെന്റ് പഞ്ചായത്ത് - ഉപജില്ലാ തല ഫുട്ബോൾ മേളകൾക്കും വിദ്യാലയം സാരഥ്യം വഹിക്കാറുണ്ട്. ഒട്ടേറെ കായിക പ്രതിഭകൾക്കും വിദ്യാലയം കരുത്തു പകർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം മുതൽ പെൺകുട്ടികളുടെ ഫുട്ബോൾ,കബഡി ടീമും നമുക്കുണ്ട്. പഞ്ചായത്ത് തല ത്തിലും ഉപജില്ലയിലും നമ്മുടെ ഫുട്ബോൾ ടീം ജേതാക്കളായി.

പൊതുവിദ്യാലയങ്ങൾ നാടിൻറ നന്മയ്ക്കു തന്നെയാണ്.




പിന്നോക്കാവസ്ഥയുടെ പ്രയാസങ്ങളിൽ നിന്നും കരകയറി മികവിൻറ പാതയിലേ ക്കൊരു വിദ്യാ ലയം. ആ മാതൃകയാണ് ജി.എം.യു.പി.എസ് കാളികാവ് ബസാർ. 2004-ൽ 319 വിദ്യാർത്ഥികൾ മാത്രമുണ്ടാ യിരുന്ന ഇവിടെ ഇന്ന് 2025 – 26 അധ്യയന വർഷം 1453 വിദ്യാർത്ഥികൾ പഠനം നടത്തു ന്നു. സാമൂഹ്യ കൂട്ടായ്മ വളർത്തിയും അടി സ്ഥാന, ഭൗതിക സൗകര്യ ങ്ങൾ വർദ്ധി പ്പിച്ചും അക്കാദമിക രംഗത്തെ ചിട്ട യായ പ്രവർ ത്തന വുമാണ് ഈ വളർ ച്ചയ്ക്കു പിന്നിൽ. അക്കാദമിക രംഗത്ത് ജില്ലയിലെ മികച്ച സ്കൂളിലൊന്ന്. തുടർച്ചയായി മൂന്ന് വർഷങ്ങളിലും എസ്.എസ്.കെ. യുടെ

മികവ് സ്കൂളായി തിരഞ്ഞെടുത്തു.ചിട്ടയായ പഠന പ്രവർത്തനങ്ങൾ ഒരുക്കുന്ന തി നും അവ വിനിമയം ചെയ്യുന്നതിനും അധ്യാപകരുടെ ആത്മാർത്ഥമായ സഹക രണം വിദ്യാലയത്തിന് ലഭിക്കുന്നു.




ആഘോഷങ്ങളും ദിനാചരണങ്ങളും പഠന പ്രവർത്തനത്തിന്റെ ഭാഗമായി ഉൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ തന്നെയാണ് വിദ്യാലയത്തിൽ ഒരുക്കുന്നത്, എൽ.എസ്.എസ് / യു.എസ് .എസ് പരീക്ഷ പരിശീലനം, മറ്റു മത്സര പരീക്ഷകൾ, മലയാളത്തിളക്കം, ശ്രദ്ധ, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പ്രവർത്തനങ്ങളും വിദ്യാലയത്തിൽ മികച്ച രീതിയിൽ നടത്തപ്പെടുന്നു. പഠന പിന്നാക്കകാർക്കായുള്ള പ്രത്യേക പ്രവർത്തനങ്ങളും നടപ്പാക്കുന്നു. SRG, സബ്ജക്ട് കൗൺസിൽ തുടങ്ങിയവ ചേർന്ന് അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. തുടർച്ച യായ എൽ.എസ്.എസ്. വിജയികൾ, ന്യൂ മാത്സ് മത്സര പരീക്ഷയിൽ വിജയം എന്നിവ എടുത്തു പറയേണ്ട താണ്.വിദ്യാലയത്തിലെ പൂർവ്വ വിദ്യാർഥികൾക്ക് എസ്.എസ് എൽ സി, പ്ലസ്ടു പരീക്ഷ കളിൽ മുഴുവൻ വിഷയങ്ങൾക്കും എ.പ്ലസ് വാങ്ങുന്നതിനും സാധിച്ചിട്ടുണ്ട് എന്നതും ഏറെ അഭിമാനകരമാണ്.

## വിദ്യാലയ മാനേജ്മെന്റ്




വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നതിന് മികച്ച ടീം വർക്ക് ആവശ്യമാണ്. മികച്ച കൂട്ടായ്മ വളർത്തി യെടുത്ത് മുന്നേറാ നാവുന്നു എന്നതാണ് വിദ്യാലയ ത്തിന്റെ കരുത്ത്. അധ്യാപകരും, പി.ടി എ യും ഒരേ മനസ്സോടെ പ്രവർത്തിക്കുന്നു. പി.ടി.എ, എസ്.എം.സി, എം.ടി.എ, എസ്.എസ്.ജി തുടങ്ങിയ കമ്മറ്റികൾ വിദ്യാ ലയ പ്രവർത്തനങ്ങൾക്ക് സഹായമേകുന്നു. പി മഹ്സൂം പി.ടിഎ പ്രസിഡന്റും, താഹിർ നഖാഷ് എസ്.എം .സി ചെയർമാനും, നസീമ എം.ടി.എ പ്രസി ഡന്റായും കമ്മിറ്റി മികച്ച നിലയിൽ പ്രവർത്തിക്കുന്നു.

## പാഠ്യേതരപ്രവർത്തനങ്ങൾ

കുട്ടികളുടെ കഴിവും താത്പര്യവും തിരിച്ചറിഞ്ഞ് അവർക്കനുയോജ്യമായ പഠനാനുബന്ധ പ്രവർത്തനങ്ങളാണ് വിദ്യാലയത്തിൽ ഒരുക്കാറുള്ളത്. ദിനാചരണങ്ങൾ, ശില്പശാലകൾ തുടങ്ങിയവ ഓരോ ക്ലബുകളുടെയും നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കൃഷി, ജൈവ വൈവിധ്യ ഉദ്യാനം, എന്നിവ സജ്ജമായി ഒരുക്കുന്നു. സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, സാമൂഹ്യശാസ്ത്രക്ലബ്ബ്, ഭാഷാക്ലബ്ബുകൾ, ഹരിതം - ശുചിത്വ ക്ലബ്ബ് എന്നിങ്ങനെ ജി.കെ ക്ലബ്ബ് എന്നിവയുടെ  പ്രവർത്തനം സജീവമാണ്. ഓരോ ക്ലബ്ബിൻറയും കീഴിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ  കാഴ്ചവെക്കുന്നു. ദിനാചരണങ്ങൾ, അതിഥിയോടൊപ്പം, സ്കൂൾ റേഡിയോ, വിവധമത്സരങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ  എന്നിങ്ങനെ സംഘടിപ്പിച്ചു വരുന്നു.






## അധ്യാപകർ

| ക്രമ നമ്പർ | പേര് | തസ്തിക | ഫോൺ | റിമാർക്കസ് |
|---|---|---|---|---|
| 1 | ബാബു ഫ്രാൻസിസ്.കെ | ഹെഡ്മാസ്റ്റർ | 9645039652 | |
| 2 | ഷീബ എൻ | പി.ഡി.ടീച്ചർ | 9497506456 | |
| 3 | ദിവ്യമോൾ എ എം | യു പി എസ് എ | 9526380661 | |
| 3 | പ്രീതി പി | യു പി എസ് എ | 7025359407 | |
| 4 | ഷെരീഫ് പി | യു പി എസ് എ | 9447743128 | |
| 5 | ഷജീല | യു പി എസ് എ | 9605460886 | |
| 6 | സനിത | യു പി എസ് എ | 9544662697 | |
| 7 | സലീമ | യു പി എസ് എ | 8301098388 | |
| 8 | ശുഭ | യു പി എസ് എ | 9645049132 | |
| 9 | രജിത | യു പി എസ് എ | 9048039349 | |
| 10 | റജ്ല | യു പി എസ് എ | 8605051738 | |
| 11 | മുഹ്സിന ഇ കെ | യു പി എസ് എ | 9539764236 | |
| 12 | സുലൈഖ | JLT ARABIC | 9446192078 | |
| 13 | സഹദ് | JLT ARABIC | 9747671499 | |
| 11 | ജസിന്ത ജോസ് ദാസ് | JLT URUDU | 9567338062 | |
| 12 | അനിജ ആന്റണി | യു പി എസ് എ | 9497207244 | DW |
| 13 | സജിലേഷ് കുമാർ | യു പി എസ് എ | 8606400712 | DW |
| 14 | ലിജിയ ബാനു | യു പി എസ് എ | 9061391370 | DW |
| 15 | ഷബാന | യു പി എസ് എ | 7025199270 | DW |
| 16 | ഷെറിൻ | യു പി എസ് എ | 9061795200 | DW |
| 17 | സുമയ്യ | JLT HINDI | 8078459165 | DW |
| 18 | ലാലിസജീഷ് | JLT HINDI | 8281412265 | DW |
| 19 | അഞ്ജു | PET | 8606529626 | DW |
| 20 | രജീഷ്.കെ. | എൽ പി എസ് എ | 9946219551 | |
| 21 | ഹരികൃഷ്ണൻ | എൽ പി എസ് എ | 9020557644 | |

| | | | | |
|---|---|---|---|---|
| 22 | മുനീർ | എൽ പി എസ് എ | 9544181452 | |
| 23 | ആതിര | എൽ പി എസ് എ | 8281421425 | |
| 24 | ബിൻസി | എൽ പി എസ് എ | 9747693320 | |
| 25 | മുഹ്സിന മോൾ | എൽ പി എസ് എ | 9497720891 | |
| 26 | നഊമ | എൽ പി എസ് എ | 7034454596 | |
| 27 | ബിജു കെ രാജൻ | എൽ പി എസ് എ | 7034093969 | |
| 28 | ശ്രീജ കെ | എൽ പി എസ് എ | 9562013656 | |
| 29 | ജിനേഷ് കുമാർ | എൽ പി എസ് എ | 9947757480 | |
| 30 | ജുവൈരിയ ഇ | എൽ പി എസ് എ | 9495015496 | |
| 31 | അബ്ദുറഹ്മാൻ | എൽ പി എസ് എ | 9446933300 | |
| 32 | റോഷ്ന സി.കെ | എൽ പി എസ് എ | 9645299484 | |
| 33 | നീന കെ | എൽ പി എസ് എ | 8592842159 | |
| 34 | നസീബ | എൽ പി എസ് എ | 8606144121 | |
| 35 | നജ്മുദ്ധീൻ കെ | അറബിക് | 9846092895 | |
| 36 | ഖദീജ | അറബിക് | 8606400712 | |
| 37 | മുബീന | അറബിക് | 9495816429 | |
| 38 | ഫെബിന | എൽ പി എസ് എ | 8589940020 | |
| 39 | ആയിഷ നസ്റി | എൽ പി എസ് എ | 9061633964 | |
| 40 | ജസ്സി ജോൺ | എൽ പി എസ് എ | 7592984230 | |
| 41 | സൗമ്യ മോൾ | പ്രീ.പ്രൈമറി | 9645653548 | |
| 42 | ദിഫ്റ സുൽഫിയ | പ്രീ.പ്രൈമറി | 9744025528 | |
| 43 | അനുഷ | പ്രീ.പ്രൈമറി | 8606618238 | |
| 44 | ഷിഫാന പി | പ്രീ.പ്രൈമറി | 8590185968 | |
| 45 | ജാസ്മിൻ ഇ | പ്രീ.പ്രൈമറി | 9562840845 | |
| 46 | സന്ധ്യ | പ്രീ.പ്രൈമറി | 9048805434 | |
| 47 | അഫ്സാന | പ്രീ.പ്രൈമറി | 8943815145 | |
| 48 | സതീഷ് കുമാർ | PET BRC | 9539216077 | |
| 49 | | WE BRC | | |

2025 – 26 അധ്യയനവർഷം വിദ്യാലയത്തിൽ 1 മുതൽ 7 വരെ ക്ലാസുകളിലായി 606 ആൺകുട്ടികളും 589 പെൺകുട്ടികളും പഠിക്കുന്നു. ഇത് കൂടാതെ 259 വിദ്യാർഥികൾ പ്രീ പ്രൈമറി വിഭാഗത്തിലും പഠിക്കുന്നുണ്ട് . ക്ലാസ് അടിസ്ഥാനത്തിലുള്ള വിദ്യാർഥികളുടെ കണക്ക് ചുവടെ പട്ടിക പ്രകാരം ആണ്.

| CLASS | BOYS | GIRLS | TOTAL | DIVISIONS |
|---|---|---|---|---|
| PRE - PRIMARY | 125 | 134 | 259 | 7 |
| STD I | 78 | 76 | 154 | 5 |
| STD II | 99 | 98 | 197 | 5 |
| STD III | 65 | 71 | 136 | 4 |
| STD IV | 77 | 66 | 143 | 4 |
| STD V | 122 | 105 | 227 | 6 |
| STD VI | 90 | 90 | 180 | 5 |
| STD VII | 75 | 83 | 158 | 5 |
| TOTAL | 731 | 723 | 1454 | 39 |


പാഠം-I
അതിജീവനം

നാടൊന്നിച്ചു; ആകെ മാറി കാളികാവ് ബസാർ ഗവ. യു.പി. സ്കൂൾ

ഷിഹാബുദ്ദീൻ കാളികാവ്

കാളികാവ് ▸ വർഷങ്ങൾക്കുമുൻപ് 314 വിദ്യാർഥികളുമായി പൂട്ടൽഭീഷണി നേരിട്ടതാണ് കാളികാവ് ബസാർ ഗവ. യു.പി സ്കൂൾ. ഇക്കുറിയിതാ പ്രിപ്രൈമറിയിൽ മാത്രം 170 പേർ. ഒന്നാംക്ലാസിൽ 130 പേർ. എങ്ങനെ മാറണം ഒരു സർക്കാർ വിദ്യാലയം എന്ന ചോദ്യത്തിനു മറുപടിയുമായി ഈ വിദ്യാലയം തലയുയർത്തി നിൽക്കുന്നു.

മികവിന്റെ കേന്ദ്രമായ വിദ്യാലയത്തിൽ കുട്ടികളെ ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥയാണ്. പുതിയ അധ്യയനവർഷത്തിൽ കുട്ടികളെ ഉൾക്കൊള്ളാൻ സ്ഥലമില്ലാതെ പ്രവേശനം നിർത്തേണ്ടിവന്നിരിക്കുകയാണ്. വിദ്യാലയത്തിന്റെ മാറ്റം എന്തെന്നു ചോദിച്ചാൽ ഏക സ്വരത്തിൽ അധ്യാപകർ പറയുന്നു: സാമൂഹികപങ്കാളിത്തം.

സ്കൂളിന്റെ രൂപംതന്നെ നിറങ്ങളിൽ മുങ്ങി കുട്ടികളെ ആകർഷിക്കുന്നു. പ്രിപ്രൈമറിയടക്കം ഹൈടെക് ക്ലാസ്മുറികൾ. പൂർവവിദ്യാർഥികൾ സജ്ജീകരിച്ച ശീതീകരിച്ച കംപ്യൂട്ടർ ലാബും ഓരോ കുട്ടിയുടെയും കഴിവുകൾ പരിപോഷിപ്പിക്കാൻ സഹായകമായ ടാലന്റ് ലാബുമെല്ലാം വിദ്യാലയത്തെ മുന്നിൽനിർത്തുന്നു. കാളികാവ് ബസാർ സ്കൂൾ ആവിഷ്കരിച്ച ടാലന്റ് ലാബ് പ്രവർത്തനം സംസ്ഥാനത്തിനുതന്നെ മാതൃകയായിത്തീരുകയും വിദ്യാഭ്യാസവകുപ്പ് മറ്റു വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിച്ചതും ശ്രദ്ധേയമായ നേട്ടമാണ്.

എൽ.പി. വിഭാഗം

314-ൽ നിന്ന് 1400-ലേക്ക്

2004-ലാണ് പൂട്ടൽഭീഷണി സ്കൂൾ നേരിട്ടത്. അന്ന് ഇവിടെ ആകെയുണ്ടായിരുന്നത് 314 കുട്ടികളാണ്. കൊഴിഞ്ഞുപോക്ക് നേരിടാൻ നാട്ടുകാർ കൈകോർത്തു. ഇപ്പോൾ ആകെ കുട്ടികളുടെ എണ്ണം 1400 കവിഞ്ഞു. 34 ക്ലാസ്മുറികളാണ് വിദ്യാലയത്തിലുള്ളത്. ഹൈസ്കൂളാക്കി ഉയർത്തുമെന്ന പ്രതീക്ഷയിൽ ഒരുകോടി ചെലവിൽ എട്ട് ക്ലാസ്മുറികളുടെ പണി പുരോഗമിക്കുന്നു. നിലവിലെ സാഹചര്യത്തിൽ നിർമാണത്തിലിരിക്കുന്ന ക്ലാസ്മുറികൾകൂടി യു.പി. വിഭാഗത്തിനുതന്നെ വേണം. തുടർച്ചയായി രണ്ടുവർഷം സംസ്ഥാന മികവുത്സവത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. മാതൃഭൂമി സീഡ്, ഹരിതവിദ്യാലയം റിയാലിറ്റി ഷോ, സ്കൂൾ വിക്കി തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. പ്രീസ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് എസ്.എസ്.കെ. 10 ലക്ഷം രൂപ അനുവദിച്ചു. പണി പുരോഗമിക്കുന്നു.

കാളികാവ് ബസാർ ഗവ. യു.പി. സ്കൂൾ





## വിദ്യാലയം അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്ഥാപിതം | 1915 |
| ഹെഡ്മാസ്റ്റർ | ബാബുഫ്രാൻസിസ് കെ |
| ആകെ അധ്യാപകർ | 49 |
| പ്രീ - പ്രൈമറി | 7 |
| എൽ.പി | 20 |
| യു.പി | 22 |
| ഒ.എ | 1 |
| എഫ്.റ്റി.എം | 1 |
| പ്രീ - പ്രൈമറി ആയ | 2 |
| കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ | 1 |
| ലൈബ്രേറിയൻ | 1 |
| ജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | വണ്ടൂർ |
| ഉപജില്ല | വണ്ടൂർ |
| ബി.ആർ.സി | വണ്ടൂർ |
| പഞ്ചായത്ത് | കാളികാവ് |

| ഡിവിഷനുകളുടെ എണ്ണം | | | |
|---|---|---|---|
| പ്രീ - പ്രൈമറി | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ആകെ |
| 7 | 18 | 16 | 41 |

| കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| | BOYS | GIRLS | TOTAL |
| പ്രീ - പ്രൈമറി | 125 | 134 | 259 |
| ലോവർ പ്രൈമറി | 325 | 295 | 620 |
| അപ്പർ പ്രൈമറി | 251 | 259 | 510 |

## ഭാഷ / മലയാളം

### വായനാക്കളരി

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും ഭാഷശേഷി കൈവരിക്കുന്നതിനുമായി വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വായനാക്കളരി രൂപീകരിക്കുന്നു. **ജൂൺ - ഫെബ്രുവരി**

- സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. ആസ്വാദനക്കുറിപ്പുകൾ, പുസ്തകപരിചയകുറിപ്പ് വായനാക്കളരി എന്നിവ സംഘടിപ്പിക്കുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു.
- വായനക്കൂട്ടം രൂപികരിക്കുന്നു.
- എസ്.എസ്.കെ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ബഡ്ഡിംങ് റൈറ്റേഴ്സ് പരിപാടിയിൽ കുട്ടികൾക്ക് എഴുത്തുകാരുമായി സംവദിക്കാൻ അവസരം.
- ലൈബ്രറി അംഗത്വ വിതരണം ജൂൺ 19 ന് ആരംഭിക്കും
- എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറികൾ സജ്ജീകരിക്കും

ചുമതല – അനിജ ആന്റണി,സനിത, സുമി

വിദ്യാരംഗം കലാസാഹിത്യവേദി , സ്കൂൾ ലൈബ്രറി കമ്മിറ്റി

### ബഷീർ അനുസ്മരണവും പ്രശ്നോത്തരി മത്സരവും

ബഷീർ എന്ന എഴുത്തുകാരനെ പരിചയപ്പെടുന്നു. ബഷീർദിനത്തിന്റെ പ്രധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്നു. ബഷീർ കൃതികളുടെ വായനയിലേക്ക് കുട്ടികളെ എത്തിക്കുന്നു. **ജൂലൈ 6 ന്**

ബഷീർ ദിനത്തിന്റെ പ്രധാന്യവും മറ്റും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു സന്ദേശം തയ്യാറാക്കി സ്കൂൾ റേഡിയോ പ്രോഗ്രാമായി ഒരു കുട്ടികളെക്കൊണ്ട് അവതരിപ്പിക്കുന്നു. ജൂലൈ ആദ്യത്തോടെ ബഷീർ കൃതികൾ വായിക്കാനും മറ്റും കുട്ടികൾക്ക് അവസരം നൽകുന്നു. ജൂലൈ 5 ന് പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കുന്നു . സ്ഥാനം ലഭിച്ചവർക്ക് ഉപഹാരങ്ങൾ നൽകുന്നു.

ചുമതല – സലീമ, GK ക്ലബ്

## എഴുത്തുപെട്ടി

കഥ, കവിത എന്നിവയ്ക്ക് പ്രത്യേകം ഭാവനാശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം സ്വതന്ത്രമായ എഴുത്തിന്റെ ലോകത്തേക്ക് കുട്ടികളെ നടത്തുന്നു.

**ജൂൺ - ഫെബ്രുവരി**

➔ ഭാവന, ചിന്താശക്തി, സാഹിത്യപരമായ നാത്മക നിരൂപണം എന്നിവ വളർത്തുക.രചനാവൈഭവം എഴുതാനുള്ള ശേഷി സങ്കോചമില്ലാതെ സ്വായത്തമാക്കുന്നു.

ജൂൺ രണ്ടാം വാരം മുതൽ ഫെബ്രുവരി വരെ താത്പര്യമുള്ള ഏത് കുട്ടിക്കും എഴുത്തുപെട്ടിയിൽ സൃഷ്ടി കൾ എഴുതിയിടാം. എല്ലാ മാസവും ഒരു നിശ്ചിത ആഴ്ചയിലാ യിരിക്കും സൃഷ്ടികൾ പെട്ടിയിൽ നിക്ഷേപിക്കാൻ നൽകുന്നു. അവസരം നൽകുക. മികച്ച സൃഷ്ടിക്ക് സമ്മാനം നൽകും വിദ്യാലയ ലൈബ്രറിയു ടെ സമീപം സർഗാത്മക ചുവരിൽ പ്രദർശിപ്പിക്കും. കുട്ടികളു ടെ മാഗസിൻ പുറത്തിറക്കും

ചുമതല – അനിജ ആന്റണി,സനിത, സുമി

വിദ്യാരംഗം കലാസാഹിത്യവേദി , സ്കൂൾ ലൈബ്രറി കമ്മിറ്റി

## വായനദിന സന്ദേശവും അനുസ്മരണയോഗവും

വായനയുടെ മഹത്വം കുട്ടികളിലേക്കെത്തിക്കാൻ സ്കൂൾ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ.വായന ദിനത്തിന്റെ പ്രധാന്യം കുട്ടി മനസ്സിലാകുക വായനയുടെ പ്രധാന്യം മനസ്സിലാക്കുന്നു. പി.എൻ പണിക്കരെക്കുറിച്ച് മനസ്സി ലാക്കുന്നു ചെറിയ വായനയിൽ നിന്നും വലിയ എന്ന ആശയം ലഭിക്കുന്നു.

ജൂൺ 19

ജൂൺ 19 ന് രാവിലെ ഒരു ജൂൺ 19 ന്റെ പ്രധാന്യം ഉൾക്കൊള്ളുന്ന സന്ദേശം സ്കൂളിൽ അവതരിപ്പിക്കുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിയിൽ അംഗങ്ങളായ കുട്ടികളെ ഉൾപ്പെടുത്തി പിഎൻ.പണിക്കർ അനുസ്മരണയോഗം നടത്തുന്നു.

ചുമതല - രജീഷ് കെ, അനിജ , വിദ്യാരംഗം കലാസാഹിത്യവേദി

## വായനാ കുറിപ്പ് തയ്യാറാക്കൽ

വായന വളർത്തുന്നതിന്റെ ഭാഗമായി വായനാകുറിപ്പ് തയ്യാറാക്കാൻ അവസരം. മികച്ച കുറിപ്പുകൾക്ക് പ്രോത്സാഹന സമ്മാനം

- കുട്ടികൾ ഗ്രന്ഥശാലയോടടുക്കുന്നു.
- വായനയിലൂടെ ആനന്ദം കണ്ടെത്താൻ കഴിവുള്ളവരാക്കുന്നു
- പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നു.
- വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

**ജൂൺ - ഫെബ്രുവരി**

ക്ലാസ്സ് തലത്തിൽ വായനയുടെ പ്രധാന്യം കുട്ടികളെ ബോധ്യ പ്പെടുത്തി സ്കൂൾ ലൈബ്രറിയിൽ മെമ്പർഷിപ്പ് നൽകുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് ആസ്വാദന കുറിപ്പ് തയ്യാറാ ക്കുന്നു മികച്ച സൃഷ്ടിക്ക് ഉപഹാരം നൽകുന്നു. ലഭിച്ച എല്ലാ വായനാക്കുറിപ്പും ഉൾപ്പെടുത്തി ഓരോ മാസത്തിലും വായനാ ക്കുറിപ്പ് ശേഖരം തയ്യാറാക്കുന്നു.

ചുമതല – അനിജ ആന്റണി,സനിത, സുമി

വിദ്യാരംഗം കലാസാഹിത്യവേദി , സ്കൂൾ ലൈബ്രറി കമ്മിറ്റി

## എഴുത്തുകൂട്ടം രൂപീകരണം

കുട്ടികളിലെ സർഗ്ഗാത്മകത കണ്ടെത്തുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ഒരു പ്രവർത്തനമാണ് എഴുത്തുകൂട്ടം രൂപീകരിക്കൽ കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സർഗ്ഗവാസന കണ്ടെത്തുന്നു. കുട്ടികളിലെ സർഗ്ഗവാസനക്കനു യോജ്യമായ ശില്പ്പശാലകൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മക രചനക പ്രചോദനമാകും വിധം പ്രദർശിപ്പിക്കുന്നു.

സർഗ്ഗവാസനയുള്ള കുട്ടികളെ കണ്ടെത്തി ക്ലാസ്സ് തലത്തിൽ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വിഷയം നൽകി അതിനെ അടിസ്ഥാന മാക്കി കഥ, കവിത, ലേഖനം, ചിത്രരചന, കാർട്ടൂൺ എന്നിവ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളെ കണ്ടെത്തി ഓരോ മാസവും ഓരോ വിഷയം നൽകി സൃഷ്ടികൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. വിദ്യാരംഗം സ്കൂൾ തല സർഗോത്സവം

ചുമതല – അനിജ ആന്റണി,സനിത, സുമി

വിദ്യാരംഗം കലാസാഹിത്യവേദി , സ്കൂൾ ലൈബ്രറി കമ്മിറ്റി

## ഡോക്യുമെന്ററി പ്രദർശനം

'ബഷീർ ദ മാൻ' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം ക്ലാസ്സ് തലത്തിൽ നടത്തുന്നു. ബഷീർ എന്ന എഴുത്തുകാരനെ അടുത്തറിയുന്നു. സാഹിത്യകാരന്മാരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ കുട്ടികളിൽ താത്പര്യം ജനിപ്പിക്കുന്നു. **ജൂലൈ – 5**

വൈക്കം മുഹമ്മദ് ബഷീറിനേയും അദ്ദേഹത്തിന്റെ സാഹിത്യ ചുറ്റുപാടിനേയും അടുത്തറിയുന്നതിനു വേണ്ടി ക്ലാസ്സ് തലത്തിൽ 'ബഷീർ ദ മാൻ'- എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നു. കണ്ട ഡോക്യുമെന്ററിയെക്കുറിച്ച് കുറിപ്പു തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. നന്നായി തയ്യാറാക്കിയ കുറിപ്പിന് പ്രോത്സാഹനസമ്മാനം നൽകുന്നു. കുറിപ്പുകൾ ചേർത്ത് പതിപ്പാക്കി സൂക്ഷിക്കുന്നു.

ചുമതല – റജ്ന ബീഗം , ഷെരീഫ് - സ്കൂൾ ഐ.ടി ക്ലബ്ബ്

## കർഷകദിനം

കർഷകദിനത്തോടും നാട്ടറിവ് ദിനത്തോടും അനുബന്ധിച്ച് കാർഷിക ഉപകരണങ്ങളുടെ പ്രദർശനവും കുട്ടികളുടെ വീട്ടിൽ ഉത്പാദിപ്പിച്ച ജൈവവിത്തുകളുടെ പ്രദർശനവും. വിദ്യാലയകൃഷിത്തോട്ടത്തിന്റെ പരിപാലനവും

- കൃഷി നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്നൽ ഉണ്ടാക്കിയെടുക്കുന്നു.
- അന്യം നിന്നുപോയ കാർഷിക വൃത്തിയുടെ പ്രധാന്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നു. **ജൂൺ – 18**

ഓരോ കുട്ടിയോടും അവരുടെ വീടുകളിൽ ഉണ്ടാക്കിയിട്ടുള്ള പച്ച ക്കറികളുടെ വിത്തുകൾ കൊണ്ടുവരാൻ പറയുന്നു. എല്ലാ ക്ലാസ്സുക ളിൽ നിന്നും കൊണ്ടുവന്ന വിത്തുകൾ ശേഖരിച്ച് ലീഡർമാർ അദ്ധ്യാ പ കരുടെ നേതൃത്വത്തിൽ പായ്ക്കറ്റുകളാക്കി പ്രദർശനവും വില്പ നയും നടത്തുന്നു. കാർഷിക ഉപകരണങ്ങൾ സംഘടിപ്പിച്ച് പ്രദർശി പ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ എഴുതിയ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു. ഔ ഷധഗുണ പ്രധാനമായ കർക്കിട കക്കഞ്ഞിയുടെ പ്രധാന്യം മന സ്സിലാക്കുന്നതിനായി കർക്കിടക ക്കഞ്ഞിയുടെ കൂട്ടും പത്തിലകളും പ്രദർശിപ്പിക്കുന്നു.

ചുമതല - ഹരികൃഷ്ണൻ, ഷെരീഫ് , സജിലേഷ് കുമാർ

കാർഷിക ക്ലബ്ബ്

# കേരളീയം

നവംബർ 1 കേരളപ്പിറവി ദിനത്തിൽ കവിതാലാപന മത്സരം നടത്തുന്നു. എൽ.പി ക്ലാസ്സുകളിൽ കുട്ടികവിതാലാപനം, കാവ്യോത്സവം എന്നിവ നടത്തുന്നു

- ഭാഷയുടെ ഭംഗി ഉൾക്കൊണ്ടുകൊണ്ട് ചൊല്ലുന്നു.
- ഭാവാത്മകമായി സഭാകമ്പമില്ലാതെ കല അവതരിപ്പിക്കുന്നു.
- മലയാള കവിതയോട് അഭിനിവേശം തോന്നുന്നു

**നവംബർ 1**

നവംബർ 1 ന് തിരഞ്ഞെടുത്ത കവിതകളുടെ ആലാപന മത്സരം നടത്തുന്നു. മൂന്ന് നാല് ക്ലാസ്സുകളിൽ പ്രോത്സാഹന സമ്മാനം - 25 നൽകുന്നു.

ചുമതല – ജുവൈരിയ ഇ - ആതിര, ലിജിയബാനു

അറബിക്

# അറബിക്ക് എക്സ്പോ

ലോക അറബിഭാഷാദിനത്തിൽ സംഘടിപ്പിക്കുന്ന അറബി ഭാഷയെ അടുത്തറിയാനുള്ള പ്രദർശനം.

- അറബി ഭാഷയും സംസ്കാരവും പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- വിദ്യാർത്ഥികൾക്ക് അറബി ഭാഷാ വൈദഗ്ധ്യം പ്രകടിപ്പിക്കാൻ വേദിയൊരുക്കുന്നു.
- സാംസ്കാരിക ധാരണയും വൈവിധ്യവും പ്രോത്സാഹിപ്പിക്കപ്പെടുന്നു

അറബി ഭാഷാ ചരിത്രം, സാഹിത്യം, ലിപികൾ തുടങ്ങി വിദ്യാർത്ഥികൾ തയ്യാറാക്കിയവയിൽ നിന്നും തിരഞ്ഞെടു ത്തവയുടെ എക്സ്പോ സ്കി റ്റുകൾ തയ്യാറാക്കുന്നു. തെരഞ്ഞെ ടുക്കപ്പെട്ടവ പ്രത്യേകം സജ്ജീകരി ക്കുന്ന സ്റ്റാളിൽ ലോക അറബി ഭാഷാദിന ത്തിൽ പ്രദർശിപ്പിക്കുന്നു. സ്കൂളിലെ മുഴു വൻ വിദ്യാർത്ഥിക ൾക്കും രകഷിതാക്കൾക്കും സന്ദർ ശിക്കാവുന്ന തരത്തിൽ ഡിസംബർ 2, 3 ദിവസങ്ങളിൽ പ്രദർശനം സംഘ ടിപ്പിക്കുന്നു.

ചുമതല – സഹദ്, സുലൈഖ, – അലിഫ് അറബിക് ക്ലബ്ബ്

## അക്ഷര സൗന്ദര്യം

അറബിക് ഭാഷ തനതായ ശൈലിയിൽ എഴുതി പരിശീലിപ്പിക്കുക.

- പഠനപ്രവർത്തനങ്ങൾ യഥാർത്ഥ ശൈലിയിൽ തെറ്റ് കൂടാതെ എഴുതാൻ പരിശീലിക്കുന്നു
- അറബികിലെ പലവിധ എഴുത്ത് ശൈലികൾ പരിചയപ്പെടുത്തുന്നു
- അറബിക് കാലിഗ്രഫിയെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു.

**ജൂൺ - ഓഗസ്റ്റ്**

ജൂൺ മാസത്തിലെ അവസാന ആഴ്ചയിൽ അറബിക് ക്ലബ്ബ് ഉദ്ഘാടനം നടക്കുന്നുന്നതിനോടൊപ്പം അലിഫ് അറബിക് ക്ലബ്ബിൽ അംഗമായ കുട്ടികൾക്ക് എഴുത്തിൽ സ്പെഷ്യലിസ്റ്റായ ഒരാളെ കൊണ്ടുവന്ന് പരിശീലനം കൊടുക്കുന്നു. അറബിക്കിലെ ഓരോ അദ്ധ്യാപകനും തങ്ങളുടെ ക്ലാസ്സിൽ അറബിക് എഴുത്തിന്റെ ആവശ്യകതയും പ്രാധാന്യവും മനസിലാക്കി കുട്ടികൾക്ക് അറബിക് എഴുത്ത് പരിശീലനം കൊടുക്കുന്നു. ക്ലബ്ബിൽ അംഗങ്ങളായ കുട്ടികൾക്ക് കാലിഗ്രാഫി പരിശിലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കിയ കുട്ടികളെ പ്രയോജനപ്പെടുത്തി ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നു

ചുമതല – നജ്മുദ്ധീൻ, ഖദീജ,മുബീന,സഹദ്, സുലൈഖ, –

അലിഫ് അറബിക് ക്ലബ്ബ്

ഉറുദു

## അല്ലാമാ ഇക്ബാൽ ടാലന്റ് ടെസ്റ്റ്

കുട്ടികൾ ഉറുദു ഭാഷയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനങ്ങൾ പഠിക്കുന്നു. സംസ്ഥാനതലം വരെ നടക്കുന്ന ടാലന്റ് ടെസ്റ്റിന് കുട്ടികൾ സജ്ജരാകുന്നു.

- പാദവാർഷിക പരിക്ഷക്ക് ശേഷം മുൻവർഷങ്ങളിൽ നടത്തിയ ചോദ്യങ്ങൾ കുട്ടികൾ പരിചയപ്പെടുന്നു.
- ഓൺലൈൻ മോഡലുകൾ പരിചയപ്പെടുന്നു.

സ്കൂൾ തലത്തിൽ ഉറുദു പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും പരിക്ഷ എഴുതാൻ അവസരം നൽകുന്നു. ഓരോ ക്ലാസ്സിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് വീതം കുട്ടികളെ സബ് ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നു.

ചുമതല - ജസിന്ത ജോസ് ദാസ്

## ഉറുദു കയ്യെഴുത്ത് മാഗസിൻ പ്രകാശനം

ഉറുദു ഭാഷ പഠിക്കുന്ന കുട്ടികൾക്ക് സ്വന്തമായി കഥകളും കവിതകളും എഴുതി അവതരിപ്പിക്കാൻ ഉള്ള അവസരം ലഭിക്കുന്നു.

- കുട്ടികളുടെ എഴുതാനുള്ള കഴിവ് പരിപോഷിപ്പിക്കപ്പെടുന്നു.
- ഒരു മാഗസിൻ പുറത്തിറക്കാൻ ആവശ്യമായ അറിവുകൾ നേടിയെടുക്കുന്നു. **ഓഗസ്റ്റ് - 15**

ജുലൈ മാസം പകുതിയോടെ മാഗസിനിലേക്ക് ആവശ്യമായ പംക്തികൾ കുട്ടികളോട് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. കഥകളും കവിതകളും, പുറമെ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ചിത്രങ്ങളും കുട്ടികൾ തയ്യാറാക്കി കൊണ്ടുവരുന്നു. ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു. വൃത്തിയായി ഷീറ്റിൽ കുട്ടികൾ തന്നെ എഴുതി ക്കൊണ്ടുവരുന്നു. ആയത് അധ്യാപകരുടെ സഹായത്താൽ ആവശ്യമായ ആശംസകളും ഉൾകൊള്ളിച്ചു പുസ്തകരൂപത്തിൽ ബൈന്റ് ചെയ്യുന്നു. ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിന പരിപാടിയിൽ പ്രകാശനം ചെയ്യുന്നു.

ചുമതല - ജസിന്ത ജോസ് ദാസ്

## ഹിന്ദി

### പ്രേംചന്ദ് ദിനക്വിസ്സ്

ഹിന്ദി, ഉറുദു എഴുത്തുകാരനായ മുൻഷി പ്രേംചന്ദിന്റെ ഓർമ്മ ദിനത്തിൽ സ്കൂളിലെ കുട്ടികൾക്കായി നടത്തുന്ന ക്വിസ്മത്സരം.

- വിശ്വവിഖ്യാതനായ പ്രേംചന്ദ് എന്ന എഴുത്തുകാരനെ കുട്ടികൾ പരിചയപ്പെടുന്നു.
- കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി അവസരം ലഭ്യമാക്കുന്നു.

ജൂലൈ അവസാനവാരം മത്സരത്തിൽ പങ്കെടുക്കാൻ പ്രാപ്തരായ കുട്ടികളെ കണ്ടെത്തുന്നു. ആവശ്യമായ ചോദ്യാവലികൾ പരിചയപ്പെടുത്തുന്നു. ഓൺ ലൈൻ ആയി നടത്തുന്ന പരിക്ഷക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നു.

ചുമതല - ജസിന്ത ജോസ് ദാസ് , ലാലി സജീഷ് , സുമയ്യ

## സുരീലി ഹിന്ദി

വാർത്തകൾ, കഥകൾ, കവിതകൾ എന്നിവ ഹിന്ദി ഭാഷയിൽ അവതരിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു

ജൂലൈ അവസാനവാരം മുതൽ ആഴ്ചയിൽ ഒരു ദിവസം സ്കൂൾ റേഡിയോ വഴി, ഹിന്ദി വാർത്തകൾ, കഥകൾ എന്നിവ വായിച്ച് അവതരിപ്പിക്കാൻ അവസരം

ചുമതല - സുമയ്യ, ലാലി സജീഷ് ,

## ഹിന്ദി ക്ലിനിക്ക്

അക്ഷരങ്ങൾ, പദങ്ങൾ , ലഘു വായനാകാർചർഡുകൾ എന്നിവ വായിക്കുന്നു

ഓഗസ്റ്റ് ആദ്യ വാരം മുതൽ അഞ്ചാംക്ലാസ്സിലെ കുട്ടികൾക്കായി എഴാം ക്ലാസ്സിലെ കുട്ടികളുടെ സഹായത്തോടെ അക്ഷര കാർഡുകൾ ലഘു വായനാകാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവ പ്രയോജനപ്പെടുത്തി വായനാശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ്സടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നു.

ചുമതല - സുമയ്യ, ലാലി സജീഷ്

## സോഷ്യൽ സയൻസ്

### ചുമർപത്ര നിർമ്മാണം

ഒരു പത്രത്തിന്റെ ഉള്ളടക്കം മനസ്സിലാക്കുന്നു. വിവിധ പത്രങ്ങളുടെ വാർത്താശൈലി പരിചയപ്പെടുന്നു. ഓഗസ്റ്റ് - ഫെബ്രുവരി

എണ്ണത്തിനനുസരിച്ച് ക്ലാസിൽ കുട്ടികളെ തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും ഒരു ദിവസത്തെ ന്യൂസ് പേപ്പർ കൊടുക്കുന്നു. ഒരു പത്രം എന്തെല്ലാം പ്രതിനിധാനം ചെയ്യുന്നു എന്ന് അദ്ധ്യാപികയുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുന്നു. കണ്ടെത്തുന്ന കാര്യങ്ങൾ BB യിൽ ക്രമീകരിക്കുന്നു. കുട്ടികളോട് കുറിച്ചെടുക്കാൻ പറയുന്നു. ഓരോ ഗ്രൂപ്പിനും ചാർട്ട് പേപ്പർ നൽകി മികവുറ്റ ചുമർപത്രം ഉണ്ടാക്കാൻ ആവശ്യപ്പെടുന്നു. ചുമർ പത്രിക ശേഖരിക്കുന്നു. മികച്ചതിന് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. എല്ലാ മാസവും ഓരോ പത്രം പുറത്തിറക്കുന്നു.

ചുമതല – സലീമ, സനിത, മുനീർ – എസ്.എസ്.ക്ലബ്ബ്

### സ്കൂൾ പാർലെമെന്റ് തെരഞ്ഞെടുപ്പ്

- ജനാധിപത്യ പാഠങ്ങൾ പരിചയപ്പെടുന്നതിന്
- തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ കടന്നുപോകുന്നതിന്.
- ജനാധിപത്യരീതി പിന്തുടരുന്നതിന് **ജൂലൈ**

ജൂലൈ ആദ്യവാരത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നു. പത്രികാ സമർപ്പണം, പ്രചരണം, വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നിവ ജനാധിപത്യ രീതിയുടെ മാതൃകയിൽ അവതരിപ്പിക്കുന്നു. തെരഞ്ഞെടുപ്പ് നിർവഹണ ഓഫീസർമാരായി കുട്ടികളെ ചുമതലപ്പെടുത്തുന്നു. സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ

ചുമതല – സലീമ, സനിത, മുനീർ– എസ്.എസ്.ക്ലബ്ബ്

## പ്രാദേശിക ചരിത്രരചന

സ്വന്തംനാടിന്റെ ചരിത്രം അറിയുന്നതിന് ഓരോ നാടിന്റെയും പേര്, ദേശം എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങൾ അന്വേഷിച്ചറിയുന്നതിന്

ആഗസ്ത് ആദ്യവാരത്തിൽ എസ്.എസ് ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പ്രാദേശിക ചരിത്രരചനയ്ക്ക് തയ്യാറെടുക്കുന്നു. കാളികാവിലെ പഴയകാല ആളുകൾ എന്നിവരിൽ നിന്ന് വിവരശേഖരണം നടത്തുന്നു. പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിക്കുന്നു. വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ച് ചരിത്രരചന നടത്തുന്നു.

ചുമതല – സലീമ, സനിത, മുനീർ – എസ്.എസ്.ക്ലബ്ബ്

## ഭൂപടപഠനം

ഭൂപടവായനയ്ക്ക് അവസരം ലഭിക്കുന്നു.
ഭൂപടങ്ങളുടെ പ്രത്യേകത, സമയരേഖകൾ എന്നിവ മനസിലാക്കുന്നു.
കേരളം, ഇന്ത്യ, ലോകം ഭൂപടങ്ങൾ പരിചയപ്പെടുന്നു.

ആഗസ്ത് ആദ്യവാരത്തിൽ എസ്.എസ് ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പ്രാദേശിക ഭൂപടവായന, സമയരേഖ തുടങ്ങിയവയുടെ പ്രത്യേകതകൾ അറിയുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനുമായി ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

ചുമതല – സലീമ, സനിത, മുനീർ – എസ്.എസ്.ക്ലബ്ബ്

## പത്ര ക്വിസ്സ്

പൊതുവിജ്ഞാനം വളർത്തുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ ഒരുക്കുന്നു. മത്സര പരീക്ഷയിലേക്ക് കുട്ടികളെ സജ്ജരാക്കുന്നു.
GK ഗ്രൂപ്പ് - അറിവകം

എല്ലാ ദിവസവും പത്രത്തിൽ നിന്ന് വരുന്ന പ്രധാന സംഭവങ്ങളെ GK ചോദ്യങ്ങളാക്കിമാറ്റി കുട്ടികൾക്ക് നൽകുന്നു. അതിൽ നിന്നുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി എല്ലാ മാസവും ക്വിസ്സ് മത്സരം നടത്തുന്നു. അറിവകം എന്ന പേരിൽ വാട്സപ്പ് ഗ്രൂപ്പ് ഒരുക്കി മികച്ച വായനക്കാരായ കുട്ടികളെ മത്സരപരീക്ഷക്കും, ക്വിസ്സ് മത്സരത്തിലേക്കും സജ്ജരാക്കുന്നു.

ചുമതല – സലീമ, സനിത, നഈമ – എസ്.എസ്.ക്ലബ്ബ്

## ശാസ്ത്രം

## ശാസ്ത്ര ശില്പശാല

- കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക
- ശാസ്ത്രീയ ചിന്തകൾ പ്രോത്സാഹിപ്പിക്കുക

ജൂലൈ മൂന്നാമത്തെ ആഴ്ചയിൽ ശാസ്ത്രക്ലബിലെ കുട്ടികൾക്കായി വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. സയൻസുമായി ബന്ധപ്പെട്ട പ്രോജകടുകൾ പഠനോപകരണങ്ങൾ എന്നിവ നിർമിക്കുന്നതിന് സഹായിക്കുന്നു. ശാസ്ത്രമേളയിലേക്കാവശ്യമായ കുട്ടികളെ കണ്ടെത്തുന്നു.

ചുമതല – ദിവ്യ, ഷജീല, – സയൻസ് ക്ലബ്ബ്

## പരീക്ഷണ ശില്പശാല

കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക
ശാസ്ത്രീയ ചിന്തകൾ പ്രോത്സാഹിപ്പിക്കുക

സെപ്തംബർ മാസത്തിൽ ശാസ്ത്രക്ലബിലെ കുട്ടികൾക്കായി അഞ്ച് , ആറ് , ഏഴ് ക്ലാസ്സുകളിലെ ശാസ്ത്രപരൂക്ഷണ ശില്പ ശാല സംഘടിപ്പിക്കുന്നു.വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. മുതിർന്ന കുട്ടികളുടെ സഹായ ത്തോടെ പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുനും അവസരം. 110 -ാം വാർഷികത്തിന്റെ ഭാഗമായി കുട്ടികൾക്ക് 110 പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നതിനും അവസരം

ചുമതല – ദിവ്യ, ഷജീല, ഹരി, നീന ജുവൈരിയ – സയൻസ് ക്ലബ്ബ്

## ശാസ്ത്രപാർക്ക്

- കുട്ടികൾക്ക് ശാസ്ത്രപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരങ്ങളൊരുക്കുക
- ശാസ്ത്രീയാശയങ്ങൾ പ്രവർത്തനങ്ങളിലൂടെ മനസിലാക്കുക

തദ്ദേശ സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുട്ടികൾക്ക് പ്രവർത്തനങ്ങളിലൂടെ ശാസ്ത്രീയാശയങ്ങൾ, ശാസ്ത്ര തത്വങ്ങൾ മനസിലാക്കുന്നതിനായി ഒരു ശാസ്ത്ര പാർക്ക് ഒരുക്കുന്നു.

ചുമതല – ദിവ്യ, ഷജീല, ഹരി, ജുവൈരിയ – സയൻസ് ക്ലബ്ബ്

## ജൈവ വൈവിധ്യ ഉദ്യാനം

ശലഭോദ്യാനം ക്രമീകരിക്കുന്നു.കുട്ടികൾ പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും അടുത്തറിയുക പ്രകൃതി സംരക്ഷണം, ജൈവവൈവിദ്ധ്യസംരക്ഷണം എന്നിവയുടെ ആവശ്യകത മനസ്സിലാക്കുക. ഏറ്റവും ചെറിയ പുൽച്ചെടി മുതൽ ഏറ്റവും വലിയ വന്യജീവികൾ തമ്മിൽ ബന്ധമുണ്ടെന്നും ഒരു ജീവിയുടെ നാശം ആവാസത്തിന്റെ നിലനില്പിനെ അസാധ്യമാക്കുമെന്നുള്ള തിരിച്ചറിവ് ഉണ്ടാകുക.

ജൈവവൈവിധ്യങ്ങളുടെ കലവറയാണ് നമ്മുടെ നാട്. സസ്യങ്ങളുടെ ശാസ്ത്രീയ നാമം മനസിലാക്കുകയും അവയുടെ പ്രത്യേകത തിരിച്ചറിയുക. സസ്യങ്ങളുടെ വളർച്ചാഘട്ടങ്ങൾ മനസിലാക്കാനും അവയെ പരിചരിക്കാനും സാധിക്കുന്നു, വിദ്യാലയ ശാസ്ത്ര ക്ലബ്ബിലെ കുട്ടികളുടെ നേതൃത്വത്തിൽ ശലഭങ്ങളെ ആകർഷിക്കുന്നതും മനോഹരവുമായ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കുന്നു അവയെ സംരക്ഷിക്കുന്നതുംല പരിചരിക്കുന്നതുമായ പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബ് അംഗങ്ങൾ ഏറ്റെടുക്കുന്നു.

ചുമതല – ദിവ്യ, ഷജീല, ഹരി ജുവൈരിയ, നസീബ – സയൻസ് ക്ലബ്ബ്

## ഗണിതം

### ഗണിതമേള

ഗണിതശാസ്ത്ര മേളയിലേക്കാവശ്യമായ ജ്യോമെട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട് എന്നിവയ്ക്ക് ആവശ്യമായ പരിശീലനം കുട്ടികൾക്ക് ഉറപ്പാക്കുക സ്വതന്ത്രമായി ഗണിതകേളികളിൽ ഏർപ്പെടുക

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി വ്യത്യസ്ത പ്രവർത്തനങ്ങൾ ഗണിതശാസ്ത്ര മേളയിലേ ക്കാവശ്യമായ ജ്യോമെട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട് സ്റ്റിൽ മോഡൽ, പസ്സിൽ എന്നിവ പൂർത്തീകരിക്കാൻ പറയുന്നു. തയ്യാറാക്കിയ കുട്ടികളെ ഉൾപ്പെടുത്തി ഗണിതക്ലബ്ബ് രൂപീകരിക്കുന്നു.ഇവർക്ക് ഓരോ മേഖലയിലും നിരന്തര പരിശീലനം നൽകുന്നു

ചുമതല – പ്രീതി, ശുഭ, രജീഷ് ,ജിനേഷ് – ഗണിതക്ലബ്ബ്

### പഠനോപകരണ ശില്പശാല

ഗണിതക്ലാസ്സ് മുറിയിലേക്കാവശ്യമായ പഠനോപകരണങ്ങൾ ഉറപ്പാക്കുന്നു.കുട്ടികൾ, രക്ഷിതാക്കൾ എന്നിവരിൽ നിന്ന് പിന്തുണ ലഭ്യമാക്കുന്നു.ഗണിതം ക്ലാസ്സ് രസകരവും പ്രവർത്തനാധിഷ്ഠിത വുമാക്കുന്നു.

ആഗസ്ത് ആദ്യവാരത്തിൽ ഒന്ന് / രണ്ട് ടേമിലേക്കാവശ്യമായ പഠനോപകരണങ്ങൾ നിർമിക്കുന്ന ശില്പശാലകൾ സംഘടിപ്പിക്കുന്നു. കുട്ടികൾ, രക്ഷിതാക്കൾ, സഹഅധ്യാപകർ എന്നിവരിൽ നിന്ന് പിന്തുണ ലഭ്യമാക്കുന്നു..

ചുമതല – പ്രീതി, ശുഭ, രജീഷ്,ജിനേഷ് – ഗണിതക്ലബ്ബ്

## ഗണിത ഗെയിം ശില്പശാല

ഗണിതത്തിലെ വിവധ പ്രവർത്തനങ്ങൾ രസകരമായഗെയിമിലൂടെ അവതരിപ്പിക്കാൻ കഴിയാറുണ്ട് അത്തരത്തിൽ ഗണിതത്തിലെ ഗെയിം കുട്ടികൾക്ക് പരിചയപ്പെടുന്ന തരത്തിൽ ഗണിത ശില്പശാല സംഘടിപ്പിക്കുന്നു.

ചുമതല – ഗണിത ക്ലബ്ബ് - പ്രീതി, ശുഭ,

## ഗണിതം മധുരം

ഗണിതത്തിലെ വിവധ തരത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് ( പ്രീ- ടെസ്റ്റിലൂടെ ) കണ്ടെത്തുന്നു.ഗണിതാഭിരുചി വളർത്തുന്നതിനും പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്ന തരത്തിലും പ്രത്യേകം ക്ലാസ്സുകൾ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ നൽകുന്നു.ഓഗസ്റ്റ് മുതൽ എല്ലാ ദിവസവും രാവിലെ പ്രത്യേകസമയം നിശ്ചയിച്ച് ക്ലാസ്സുകൾ സജ്ജീകരിക്കുന്നു.

ചുമതല – ഗണിത ക്ലബ്ബ് - പ്രീതി, ശുഭ,

## ഗണിതപ്രതിഭ

വിദ്യാലയത്തിൽ ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി അഭരുചി പരീക്ഷ നടത്തി ഗണിതപ്രതിഭയെ ജനുവരി ആദ്യവാരത്തിൽ കണ്ടെത്തുന്നു. ഗണിതപ്രതിഭ പുരസ്കാരം വാർഷികാഘോഷവേദിയിൽ വച്ച് നൽകുന്നു.

ജെ .ആർ .സി

## റോഡ് സുരക്ഷാബോധവൽക്കരണം

വിദ്യാർത്ഥികൾക്ക് ട്രാഫിക് നിയമങ്ങളെയും അവരുടെ അവകാശങ്ങളെയും കുറിച്ചറിയാൻ വേണ്ടി ഒരു ബോധവത്കരണ ക്ലാസ്സ്, വിദ്യാർത്ഥികളിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നു. ലൈസൻസ് ലഭിക്കാതെ വാഹനം ഓടിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചും ബോധം ഉണ്ടാകുന്നു.

JRC അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ട്രാഫിക് അവബോധ ക്ലാസ് നൽകുന്നു

ചുമതല : സഹദ്, രജിത

## ജെ.ആർ.സി സ്റ്റോർ

വിദ്യാർത്ഥികൾക്ക് ലഘു വ്യാപാര പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു അടിസ്ഥാന ഗണിതശേഷി, ക്രയ വിക്രയശേഷി വളർത്തുന്നു.

വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന സ്റ്റോർ ഒരുക്കുന്നു. ജെ.ആർ.സി അംഗങ്ങളെ സ്റ്റോറിന്റെ നിയന്ത്രണം ഏൽപ്പിക്കുന്നു. എല്ലാ ദിവസവും ഉച്ചയ്ക്ക് ഒരു മണിക്കൂർ സ്റ്റോർ പ്രവർത്തിപ്പിക്കുന്നു.

ജൂൺ ആദ്യവാരത്തിൽ സ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നു. കുട്ടികൾ നേതൃത്വം നൽകുന്നു. ലാഭം പ്രതീക്ഷിക്കുന്നില്ല. ഷോപ്പ് നടത്തിപ്പിന് നേതൃത്വം വഹിക്കുന്ന കുട്ടികളെ സ്കൂൾ വാർഷികത്തിൽ അഭിനന്ദിക്കും.

ചുമതല : സഹദ്, രജിത

സ്കൂൾ സോഷ്യൽ സർവ്വീസ് ക്ലബ്ബ്

## ക്യാമ്പസ് ശുചീകരണം

രണ്ടാഴ്ചയിലൊരിക്കൽ ഹരിത ക്ലബ്ബിൽ അംഗങ്ങളായ കുട്ടികൾ സ്കൂൾ ക്യാമ്പസ് ശുചീകരിക്കുന്നു.

സ്കൂളും പരിസരവും പ്ലാസ്റ്റിക് രഹിതമാക്കുന്നു.
പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപയോഗിക്കാതിരിക്കാൻ  അവബോധം വളർത്തുന്നു.

എല്ലാ മാസവും  രണ്ടാഴ്ച കൂടുമ്പോൾ 3.30 മുതൽ 4 വരെ ഹരിത ക്ലബ്ബിലെ കുട്ടികൾ  സ്കൂളും പരിസരവും വൃത്തിയാക്കുന്നു.
മുതിർന്ന ക്ലാസ്സിലെ കുട്ടികളുടെ സേവനവും പ്രയോജനപ്പെടുത്തുന്നു
ചുമതല : ഷെരീഫ്,ഹരി, സുലൈഖ, ജസിന്ത ജോസ് ദാസ്

## തുണിസഞ്ചി നിർമ്മാണവും വിതരണവും

പ്ലാസ്റ്റിക് രഹിത ഷോപ്പിംഗ് സംസ്കാരം വർദ്ധിപ്പിക്കാനായി തുണി സഞ്ചി നിർമ്മിച്ച്  വിതരണം ചെയ്യുന്ന പദ്ധതി.
തുണിസഞ്ചി സംസ്കാരം പരിചയപ്പെടുന്നു.
വീടുകളിലെയും സ്കൂളിലെയും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നു.

ഹരിതക്ലബ്ബിൽ അംഗങ്ങളായ കുട്ടികൾക്ക് തുണിസഞ്ചി നിർമ്മാണത്തിനാവശ്യമായ തുണി,കുട്ടികളിൽ നിന്ന് ശേഖരിക്കുന്നു. എസ്.എം.സി അംഗത്തിന്റെ സഹായത്തോടെ സഞ്ചിക്കാവശ്യമായ തരത്തിൽ വെട്ടി തയ്യൽ അറിയാവുന്ന കുട്ടികൾക്ക് കൊടുത്തുവിടുന്നു അവർ കൊണ്ടുവരുന്ന സഞ്ചികൾ ശേഖരിച്ച് വിതരണം ചെയ്യുന്നു.

ചുമതല : ഷെരീഫ്,ഹരി, സുലൈഖ, ജസിന്ത ജോസ് ദാസ്

## സഹപാഠിക്കൊരു സഹായം

ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികളിൽ നിന്നും *ഒരു രൂപ* വീതവും പിറന്നാൾ സമ്മാനം എന്ന നിലയിലും പലതുള്ളി പെരുവെള്ളം' - സഹപാഠി ക്കൊരു സഹായം പദ്ധതിയിലൂടെ സ്കൂളിലെ അർഹരായ വിദ്യാർത്ഥികൾക്ക് പ്രത്യേകം സഹായം നൽകുന്നു.

കുട്ടികളിൽ സഹാനുഭൂതി, അനുകമ്പ, സഹായമനസ്ഥിതി എന്നിവ സാമൂഹികജീവി എന്ന നിലയിലുള്ള ഉത്തരവാദിത്വം കുട്ടികൾ തിരിച്ചറിയുന്നു. പലതുള്ളി പെരുവെള്ളം' എന്ന കുട്ടി മനസ്സിലാക്കുന്നു. ജൂലൈ

സ്കൂളിലെ ഓരോ കുട്ടിയും തങ്ങളാൽ കഴിയുന്ന ചെറിയൊരു തുക ഇതിലേക്ക് സംഭാവന ചെയ്യുന്നു. സാമ്പത്തികമായും രോഗങ്ങൾക്കൊണ്ടും പ്രയാസപ്പെടുന്ന അർഹരായ വിദ്യാ ർത്ഥികളെയോ അവരുടെ കുടുംബാംഗങ്ങളെയോ കണ്ടെത്തി യാൽ പ്രധാനാദ്ധ്യാപകനും മറ്റ് അദ്ധ്യാപകരും ഉൾപ്പെടുന്ന കമ്മറ്റിക്ക് മുമ്പിൽ ഇത് അവതരിപ്പിക്കുകയും തുടർന്ന് അവരുടെ വീടുകൾ സന്ദർശിച്ച് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു തുക സഹായമായി നൽകുന്നു.കൂടാതെ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പഠനസാമഗ്രികൾ ലഭ്യമാക്കുന്നു

ചുമതല രജീഷ്.കെ , ശുഭ

## കരാട്ടെ പരിശീലനം

പി.ടി.എ യുടെ പിന്തുണയോടെ തെരഞ്ഞെടുക്കപ്പെടുന്ന JRC, CSS ക്ലബിലെ കുട്ടികൾക്ക് മാർഷൽ ആർട്സ് / കരാട്ടെ പരിശിലനം ഉറപ്പാക്കുന്നു

ആത്മവിശ്വസം വർദ്ധിക്കുന്നു.

കായികക്ഷമത ഉറപ്പാക്കുന്നു

ആഴ്ചയിലൊരിക്കൽ വൈകുന്നേരം ഒരു മണിക്കൂർ കരാട്ടെ പരിശീലനം ഉറപ്പാക്കുന്നു താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം ഉറപ്പാക്കും. ഒരു വർഷം നീളുന്ന. പരിശീലന പരിപാടിയിലെ കുട്ടികൾക്ക് വാർഷികത്തിൽ പ്രത്യേകം അവതരണ ത്തിന് അവസരം നൽകുന്നു.

ചുമതല : ജിനേഷ് കുമാർ, ബിജു.കെ.രാജൻ

## എസ് . ആർ . ജി

### ദിശ

ഈ വിദ്യാലയത്തിൽ നിന്നും പുറത്തിറങ്ങുന്ന എല്ലാ കുട്ടികളും അടിസ്ഥാനശേഷി ഉറപ്പാക്കുന്നതുനുള്ള പദ്ധതി. **ജൂൺ - ഫെബ്രുവരി**

അഞ്ചാം ക്ലാസ്സിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് മെന്റർ ടീച്ചർമാരെ നൽകി അതിലൂടെ എല്ലാ ദിവസവും വ്യക്തിപരമായ പഠനപിന്തുണ നൽകുന്നു.ഇതിനായി വർക്ക് ഷീറ്റുകൾ വർക്ക് ബുക്കുകൾ എന്നിവ എസ്.ആർ.ജി നേതൃത്വത്തിൽ തയ്യാറാക്കുന്നു. ജനുവരി ആദ്യവാരം വിലയി രുത്തലും മാർച്ച് ആദ്യവാരം പ്രഖ്യാപനവും നടത്തുന്നു

ചുമതല : പ്രീതി, രജീഷ്

**ലൈബ്രറി ശാക്തീകരണം**

**പുസ്തകപരിചയം**

സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെടുത്തി ദിവസവും പുസ്തക പരിചയം നടത്താൻ കുട്ടികളുടെ കൂട്ടായ്മ വളർത്തുന്നു. വായന കൂട്ടം തുടങ്ങിയവ രൂപീകരിക്കുന്നു. ഓരോ പുസ്തകത്തെ സംബന്ധിച്ച കുറിപ്പ് / വിവരണം തയ്യാറാക്കി പുസ്തകത്തോടൊപ്പം പ്രദർശിപ്പിക്കുന്നു.

ചുമതല : സുമി, അനിജ,സനിത, രജീഷ്

**വരമൊഴി - ഓഡിയോ ബുക്സ്**

വായനക്കുട്ടത്തിന്റെ നേതൃത്വത്തിൽ നന്നായി വായിക്കുന്ന കുട്ടികളെ / അധ്യാപകരെ പ്രയോജനപ്പെടുത്തി വരമൊഴി ഓഡിയോ ബുക്സ് ഓഗസ്റ്റ് മാസം മുതൽ പദ്ധതി ആരംഭിക്കുന്നു.

ചുമതല : സ്കൂൾ ലൈബ്രറി കമ്മിറ്റി

****

**രക്ഷാകർതൃ വായന** **ജൂൺ - മാർച്ച്**

വിദ്യാലയത്തിലെ രക്ഷിതാക്കൾക്കായി ലൈബ്രറി പുസതകങ്ങൾ ലഭ്യമാക്കുന്നു.തിങ്കൾ മുതൽ വെള്ളി വരെ ഏതു ദിവസങ്ങളിലും കുട്ടികളുടെ ലൈബ്രറി കാർഡുപയോഗിച്ച് പുസതകങ്ങൾ തെരഞ്ഞെടുക്കനുള്ള അവസരം നൽകുന്നു.

ചുമതല : സ്കൂൾ ലൈബ്രറി കമ്മിറ്റി

**വായനശാല** **ജൂൺ - മാർച്ച്**

വിദ്യാലയത്തിലെ ലൈബ്രറി കെട്ടിടം വായനക്ക് അവസരം നൽകുന്ന ഇടമാണ്. വിശാലയമായ വരാന്ത അവിടെയുണ്ട്. പത്രങ്ങൾ ആനുകാലികങ്ങൾ, ബാലസാഹിത്യമാസികകൾ എന്നിവ അവിടെ ലഭ്യമാക്കി പ്രത്യേക സ്റ്റാന്റിൽ അവ ക്രമീകരിച്ച് കുട്ടികൾക്ക് ഒഴിവു സമയത്ത് അവ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ അവസരം നൽകുന്നു.

ചുമതല : സ്കൂൾ ലൈബ്രറി കമ്മിറ്റി

**കുട്ടിവായനക്കാരൻ** **മാർച്ച്**

വിദ്യാലയത്തിലെ ലൈബ്രറി സേവനം പ്രയോജനപ്പെടുത്തി ഏറ്റവും അധികം പുസ്തകങ്ങൾ വായിച്ച കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് വാർഷികാഘോഷ വേദിയിൽ വച്ച് പ്രത്യേകം സമ്മാനം നൽകുന്നു.

ചുമതല : സ്കൂൾ ലൈബ്രറി കമ്മിറ്റി